# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 885

03/12/2014 - ൽ മറുപടിക്ക്

### സംസ്ഥാനത്തെ ജലപാത

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം മുതൽ കാസറഗോഡ് വരെയുള്ള ജലപാത സഞ്ചാരയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കേരളത്തിലെ ദേശീയ ജലപാതയായ കൊല്ലം-കോട്ടപ്പുറം പാതയുടെ ഇരുവശങ്ങളിലുമുള്ള പാതയായ കോവളം-കൊല്ലം ജലപാതയും, കോട്ടപ്പുറം- നിലേശ്വരം ജലപാതയും സംസ്ഥാന ജലപാതയുടെ മാനദണ്ഡമനുസരിച്ച് വികസിപ്പിക്കുന്നതിന് 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ്, സ്റ്റേറ്റ് ഫണ്ട് എന്നിവയുടെ ധനസഹായത്തോടെ പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| ബി) വളരെക്കാലമായുള്ള ഈ ആവശ്യം ഇനിയും പ്രാവർത്തികമാക്കാത്തതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ; വിശദവിവരം വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. വിവിധ ഭാഗങ്ങളിലുള്ള പുനരധിവാസ പ്രവർത്തനങ്ങൾ, സ്ഥലം ഏറ്റെടുക്കൽ, ആഴം കൂട്ടുന്നതിന്റെ ഭാഗമായി നീക്കം ചെയ്യുന്ന മണ്ണ് നിക്ഷേപിക്കുന്നതിനുള്ള സ്ഥല ലഭ്യതക്കുറവ്, കാലതാമസം നേരിടുന്ന പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് വേണ്ടി പുതുക്കിയ എസ്റ്റിമേറ്റ് (സി.പി.ഡബ്ള്യൂ.ഡി പ്രകാരം) ആവിഷ്കരിക്കുന്നതിലെ കാലതാമസം, കാലാവസ്ഥ വ്യതിയാനം എന്നീ കാരണങ്ങളാൽ ജലപാത പൂർണ്ണ സഞ്ചാരയോഗ്യമാക്കുവാനുള്ള പ്രവൃത്തികളുടെ പുരോഗമനത്തിന് തടസ്സമുണ്ടാകുന്നു. |
| സി) ഈ ഗവൺമെന്റിന്റെ കാലാവധിക്ക് മുമ്പായി ഇത് പ്രാവർത്തികമാക്കുന്നതിന് സാധിക്കുമോയെന്നറിയിക്കുമോ? | (സി) | മൽപ്പറഞ്ഞ പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. |

Sham...

സെക്ഷൻ ഓഫീസർ